# ചില സ്ത്രീ വിഷയ സമീപനങ്ങൾ

ശാസ്ത്രശർമ്മൻ ഇ.എസ്.

**ബ**സ് സ്റ്റോപ്പ്. അനാദ്യമായിട്ടാണ് ടീച്ചർ ഇത്തരത്തിൽ സംസാരിക്കുന്നത്. സംസാരത്തിൽ മുഴുകിയതിനാൽ ഒന്ന് രണ്ട് ബസുകൾ കടന്നുപോയത് ഞങ്ങൾ ശ്രദ്ധിച്ചില്ല.

'താൻ ജോളിയുടെ ബാച്ചിലല്ലേയായിരുന്നേ'?

'അതേ', ടീച്ചറുടെ മകളാണ് ജോളി.

'നിങ്ങളുടെ ബാച്ചിലുണ്ടായിരുന്ന പ്രവീണ ഞങ്ങളുടെ പി.എച്ച്.സി.യിൽ ഡോക്ടർ. ബിജുവില്ലേ... ആ കമ്പ്യൂട്ടർ എൻജിനിയറിംഗ്.. അയാളെവിട്യാ?'

'വിപ്രോവിൽ'.

'തനിക്ക് സയൻസിൽ നല്ല മാർക്ക് കിട്ടാറുണ്ടായിരുന്നുല്ലോ. പിന്നെന്താ ലിറ്ററേച്ചറെടുത്തേ?'

ഞാൻ ചിരിച്ചതേയുള്ളൂ. കരിയറിനെപ്പറ്റി ആരുമെനിക്ക് മാർഗനിർദേശം തന്നിട്ടില്ല. പത്താം ക്ലാസിലൊരിക്കൽ അധ്യാപകൻ ചോദിച്ചു.

'ആരാകാനാണ് മോഹം?'

'സൈക്യാട്രിസ്റ്റാവാൻ'

ആ വാക്കിന്റെ ഗൗരവത്തിൽ ഞാൻ സൈക്യാട്രിസ്റ്റാകുമെന്നു തന്നെ അദ്ദേഹം വിചാരിച്ചിട്ടുണ്ടാകണം.

ടീച്ചറുടെ മകളെപ്പറ്റി അറിയാൻ എനിക്ക് വല്ലാത്ത ആകാംക്ഷ. ഇക്കാലത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഒരു വാക്കുണ്ടല്ലോ. Competence. കാര്യക്ഷമത. എന്റെ ബാച്ചിൽ വളരെക്കുറച്ച് പെൺകുട്ടികളേ ഉണ്ടായിരുന്നുള്ളൂ.

അതിൽത്തന്നെ മുൻനിരയിലായിരുന്നു ടീച്ചറുടെ മകൾ. യു.പി.യിൽ ഒന്നാം റാങ്കിനു വേണ്ടിയുള്ള കസേരകളിൽ ഞങ്ങൾ മൂന്നു പേർ സ്ഥിരം. ഞാനും നേരത്തേ സൂചിപ്പിച്ച സോഫ്റ്റ്‌വേർ എൻജിനിയറും ടീച്ചറുടെ മകളും. ഹൈസ്കൂളിലെത്തുന്നതിനു മുമ്പായി പുതിയൊരു താരോദയമുണ്ടായി. മറ്റൊരു പെൺകുട്ടി. ടീച്ചറുടെ മകളും ഈ കുട്ടിയുംകൂടി സംസ്ഥാനതല ശാസ്ത്രപ്രദർശനത്തിൽ വർക്കിംഗ് മോഡലിനം അവതരിപ്പിച്ച് ശ്രദ്ധേയരായി. ഇരുവരുടെയും ഫോട്ടോ പത്രത്തിൽ വന്നതും ഞാനോർക്കുന്നു. ഹൈസ്കൂൾ തലത്തിൽ 75 ശതമാനക്കാരനായിച്ചുരുങ്ങിയ എന്നിൽനിന്നും പഠനനേട്ടങ്ങളിൽ ബഹുദൂരം മുന്നിലായിരുന്നു ഈ പെൺകുട്ടികൾ. ടീച്ചറുടെ മകളിൽനിന്നും വ്യത്യസ്തമായി നേതൃത്വഗുണവും കൂടുതലുള്ള മറ്റ താരം സ്കൂൾ ചെയർപേഴ്സണുമായി.

'ജോളി എന്തുചെയ്യുന്നു?'

'ഹൗസ് വൈഫാ'. ടീച്ചർക്ക് ചെറിയൊരു ശങ്ക.

'അവർക്ക് മോളെ ജോലിക്ക് വിടണോന്ന്ല്യാന്ന്'.

ഞാനത്ഭുതപ്പെട്ടില്ല. ഒരിക്കൽ അത്ഭുതപ്പെട്ടു. ബിരുദാനന്തരബിരുദം ഉയർന്ന മാർക്കോടെ വിജയിച്ച എന്റെ ഒരു സഹോദരിയോട് ഞാൻ ചോദിച്ചു. ഇനിയെന്താ? എം.ഫിൽ... യു.ജി.സി.. ജെ.ആർ.എഫ്?'

'ഏയ്, അതൊന്നുല്യാ'

പഠനം, വ്യക്തിത്വ വികസനത്തിനുവേണ്ടിയാണ് എന്ന സന്ദേശമാണ് എനിക്ക് കിട്ടിയത്. 'മാ ഫലേഷു കദാചന' എന്നും. ഈ ആധ്യാത്മികതയിൽനിന്നു വിട്ട് യാഥാർഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ ഉന്നത വിദ്യാഭ്യാസം നേടിയ മറ്റ് സഹോദരിമാരും വിവാഹിതരായി വീട്ടമ്മമാരായി കൂടുന്നതാണ് കാണുന്നത്.

റാങ്ക് കൂടുതലും പെൺകുട്ടികൾക്ക് എന്നറിയിച്ചുകൊണ്ടാണ് മാധ്യമങ്ങളിൽ ഏത് പരീക്ഷാഫലവും വരാറ്. റാങ്ക് വാങ്ങിക്കുന്ന പെൺകുട്ടികൾ തുടർന്ന് സമൂഹത്തിൽ അപ്രസക്തരാകുന്നു. അവർക്ക് സമൂഹവുമായും ബന്ധമില്ലാതാകുന്നു. ഇതു നമ്മുടെ വിദ്യാഭ്യാസരംഗത്തെ തകരാറു കൂടിയാണ്. കേരളത്തിലെ തൊഴിൽരഹിതരിൽ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ ശതമാനം ഉയർന്നതാണെന്നാണ് കണക്കുകൾ. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉന്നതമാണെന്ന നമ്മുടെ അവകാശവാദങ്ങൾകൊണ്ട് എന്ത് മെച്ചം? നമുക്കാവശ്യമായ മനുഷ്യവിഭവശേഷി ലഭ്യമാകുന്നില്ലല്ലോ. വിവാഹം കഴിയുംവരെയുള്ള നേരംപോക്കാണ് പെൺകുട്ടികൾക്ക് പഠനം. ഡിഗ്രി... വിവാഹം കഴിഞ്ഞില്ലെങ്കിൽ പി.ജി. പിന്നെ ബി.എഡ്. പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന പെൺകുട്ടികൾ എം.എസ്‌സിയിൽ വച്ച് അവസാനിപ്പിക്കുന്നതാണനുഭവം. അധ്യാപക ജോലിയിൽ മുന്നിൽനില്ക്കുന്നതും സ്ത്രീകളായിരിക്കും. അങ്ങനെ സ്ത്രീകളുടെ സാധ്യതകളും പരിമിതപ്പെട്ടിരിക്കുന്നു. ഈ പരിമിതികളാകാം വിവാഹശേഷവിധേയ ജീവിതത്തിനവരെ പ്രേരിപ്പിക്കുന്നത്. 'ഭരണം കരോതി ഇതി ഭർത്താവ്' എന്ന വിഗ്രഹമാണ് നമ്മുടെ സമൂഹത്തിൽ അർഥസംപുഷ്ടമാകുന്നത്. ജന്മിത്തം നിലനില്ക്കുന്നില്ലെങ്കിലും ഫ്യൂഡൽ മൂല്യങ്ങൾ നമ്മുടെ സാമൂഹ്യാവബോധത്തിൽ അവശേഷിക്കുന്നു.

കേരളത്തിൽ ലിംഗപരമായ അടിച്ചമർത്തൽ 'താരതമ്യേന' കുറവാണ്. മാതൃദായക്രമം നിലനിന്നിരുന്ന സമൂഹമാണല്ലോ. (ഒരുപക്ഷേ സ്ത്രീകളെ 'അടുക്കളജീവി' മാത്രമായി കാണുന്നത് ഉന്നതവർഗവും ഉന്നതമധ്യവർഗവുമായിരിക്കും. ഇത്തരം കുടുംബങ്ങളിലാണ് 'ഭാര്യമാർ സമ്പാദിക്കേണ്ട ആവശ്യമില്ലാത്ത'വർ ഉണ്ടാകുക. ഇതവരുടെ സ്റ്റാറ്റസ്കോയിസത്തിന്റെ ഭാഗവുമായിരിക്കും. ഇത്തരം സ്റ്റാറ്റസ്കോയിസത്തിനുവേണ്ടി നമ്മുടെ ബി.എസ്‌സി, എം.എസ്‌സി, എം.എ. ബി.എഡ് സഹോദരിമാർ അണിഞ്ഞൊരുങ്ങുന്നു.

കേരളത്തിലെ സാംസ്കാരിക നേതൃത്വംവരെ ഈ ഗണത്തിൽപെടുന്നു. ഫ്യൂഡൽ മൂല്യങ്ങളെ സമൂഹത്തിൽ അവശേഷിപ്പിക്കുന്നതിവരാണ്. തൊഴിൽരംഗത്ത് സ്ത്രീകളുടെ അവസരങ്ങൾ പരിമിതപ്പെടുമ്പോൾ ഈ പ്രവണതയേറുന്നു. പലരും 'മാ ഫലേഷു കദാചന' ന്യായത്തോടെ തങ്ങളുടെ നേട്ടങ്ങളെ വിവാഹ



ശേഷം ഷോക്കേസിൽ പൂട്ടിവയ്ക്കുന്നു.

കലാരംഗം നോക്കുക. ഏഷ്യയിലെ ഏറ്റവും വലിയ കലാമേളയാണത്രെ സംസ്ഥാന സ്കൂൾ യുവജനോത്സവം. പിന്നെയും യൂണിവേഴ്സിറ്റി കലോത്സവങ്ങൾ, കേരളോത്സവങ്ങൾ. എന്തിനേറെ? കലാപ്രതിഭകളും കലാതിലകങ്ങളും പിന്നീടെങ്ങോട്ട് പോകുന്നു? മത്സരാർഥി അരങ്ങിലാടുമ്പോൾ അമ്മമാരും ഗുരുക്കന്മാരും അണിയറയിലാടുന്നു. അവസാനവിധിക്ക് 'നാട്യച്ചുവ' യേറുന്നു. പുരുഷന്മാരേക്കാൾ സ്ത്രീകളായിരിക്കും ഇതിനിരകൾ. കാരണം ഭർത്താവിന്റെയും കുടുംബത്തിന്റെയും 'പ്രസ്റ്റീജ്' മാത്രമാണ് അവരുടെ ഒരേയൊരു ലക്ഷ്യം. മറ്റെന്തുണ്ട് ജീവിതത്തിൽ? വിജയികളായ പെൺകുട്ടികളോ, തങ്ങളുടെ ശരീരവും ശാരീരവുമെല്ലാം ആത്യന്തികമായി ഭർത്താവിന് സമർപ്പിക്കുന്നതോടെ എല്ലാം തീരുന്നു.

എന്താണ് സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്കുള്ള പ്രസക്തി? പുരുഷമേധാവിത്വത്തിനെതിരെയുള്ള പോരാട്ടങ്ങളോ? സ്ത്രീകളുടെ വിധേയത്വമല്ലേ പുരുഷന്മാരുടെ മേധാവിത്വമാകുന്നത്?

ഈ ലേഖകൻ മുമ്പേ സൂചിപ്പിച്ച രണ്ട് പെൺകുട്ടികളിൽ രണ്ടാമത്തെയാളുടെ കഥയ്ക്ക് ദുരന്തച്ഛായയുണ്ട്. ഹൈസ്കൂൾ ജീവിതത്തിന്റെ അവസാനകാലത്ത് ആ കുട്ടിയും ഒരധ്യാപകനുമായി ബന്ധപ്പെട്ട കഥകൾ പ്രചരിക്കപ്പെട്ടു. സ്ത്രീ-പുരുഷഭേദമെന്യേ പരദൂഷണപ്രിയരായ സമൂഹം അതേറ്റുപിടിച്ചു. അധ്യാപകൻ അവധിയെടുത്ത് എല്ലാം അടങ്ങിയപ്പോൾ ജോലിക്ക് കയറി. എന്നാൽ Smart എന്ന് വിശേഷിക്കപ്പെട്ടിരുന്ന ആ കുട്ടി രക്ഷപ്പെട്ടില്ല. 'Oversmart' ആയിരുന്നു.....' അഹങ്കാരത്തിന് കിട്ടിയ ശിക്ഷ.... എന്നിങ്ങനെ പ്രതികരണങ്ങളുണ്ടായി. പിന്നെ പതുക്കെ വിസ്മൃതിയിലാണ്ടുപോയി.

പൊതുരംഗത്ത് സ്ത്രീകളോട് സമൂഹത്തിന്റെ സമീപനം എന്തായിരിക്കും. 'അവള് പോക്കാ' എന്നായിരിക്കാമാദ്യം. തങ്ങളെപ്പറ്റിയുള്ള കിംവദന്തികളെ നിർലജ്ജം, സധൈര്യം അവർക്കെതിരിടേണ്ടിവരും. ഞാനിതെഴുതുമ്പോൾ പാർലമെന്റിൽ വനിതാസംവരണ ബിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുന്നു. കഴിഞ്ഞതവണ അതൊരു ദുരന്തനാടകമായി അവസാനിച്ചുവല്ലോ. ഇത്തവണ മമതാ ബാനർജി ഒരു സമാജ്‌വാദി പാർട്ടി അംഗത്തെ കൈയേറ്റം ചെയ്തു. മുള്ളിനെ മുള്ളുകൊണ്ട് തന്നെയാണെടുക്കേണ്ടത്.

വനിതകൾക്ക് 33% അല്ല 50 ഓ 60 ഓ ശതമാനം സംവരണം ചെയ്താലും തെറ്റില്ല എന്ന് ലേഖകന് അഭിപ്രായമുണ്ട്. വാസ്തവത്തിൽ, പുരുഷന് സ്ത്രീയെ ഭയമാണ്. ഭയപ്പെടുന്നതിനെയാണ് അടിച്ചമർത്താനും ശ്രമിക്കുക. ഇനി മമതാ ബാനർജിയുടെ മുമ്പിൽ സംഘം ചേർന്നല്ലാതെ ഒറ്റയ്ക്കുനിന്ന് സംസാരിക്കാൻ ഇന്ത്യൻ പാർലമെന്റിലെ ഒരംഗവും ധൈര്യപ്പെടുമെന്ന് തോന്നുന്നില്ല. മനുഷ്യസംസ്കൃതിയുടെ ശൈശവം മുതലേ സ്ത്രീ ഭയപ്പെടുത്തുന്നവളാണ്. ഇഷ്ടപ്പെട്ട പുരുഷനുമായി ലൈംഗികബന്ധത്തിനു ശേഷം വധിച്ചുകളയുന്ന ഗോത്രമാതാക്കളുണ്ടായിരുന്നു. രതിയും മൃതിയും കൂട്ടിക്കലർന്ന ദേവതാബിംബങ്ങൾ സൃഷ്ടി-സംഹാര രൂപിണികൾ നമ്മുടെ മിഥോളജികളിൽ പ്രബലമാണല്ലോ. എ.ഐ.ഡി.എം.കെ. നേതാക്കൾ ജയലളിതയെ നമസ്കരിക്കുന്നു. എന്തിന് രാഷ്ട്രീയത്തിൽ താത്പര്യമില്ലാതിരുന്ന സോണിയാഗാന്ധിയുടെ കീഴിൽ ശരത് പവാറിനെപ്പോലുള്ള കോൺഗ്രസ് നേതാക്കൾ അണിനിരന്നതും കോൺഗ്രസ് പാർട്ടിക്ക് ഒരു തിരിച്ചുവരവ് സാധ്യമായതും ഈ ഭയത്താൽ തന്നെ. അധികാരസ്ഥാനങ്ങളിൽ സ്ത്രീകൾ വരുമ്പോൾ രാഷ്ട്രീയത്തിലെ ക്രിമിനൽവൽക്കരണം കുറയുകയില്ലെന്നാരുകണ്ടു?